## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3575 12/12/2014 ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലൂടെ ലഭിക്കുന്ന സേവനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി.യു.കുരുവിള : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ)<br><br>(ബി) | ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;<br><br>പഞ്ചായത്തുകളിലൂടെ ലഭിക്കുന്ന സേവനങ്ങൾ ജനങ്ങൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) യും ബി യും | ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവത്കരണം പൂർത്തിയായി വരുന്നു. 978 ഗ്രാമ പഞ്ചായത്തുകളിലും അക്കൗണ്ടിംഗ് സംവിധാനം 'സാംഖ്യ' സോഫ്റ്റ് വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം 'സുലേഖ' സോഫ്റ്റ്‌വെയർ വഴി നടത്തുന്നു. ജനന-മരണ - വിവാഹ രജിസ്ട്രേഷനുകൾ സേവന (സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ് വെയറിലൂടെയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 'സേവന (പെൻഷൻ)' എന്ന സോഫ്റ്റ് വെയറിലൂടെയും ചെയ്തു വരുന്നു. ജനന-മരണ - വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാണ്. അങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകളുടെ കമ്പ്യൂട്ടർ വത്കരണം ത്വരിതഗതിയിൽ പൂർത്തിയായി വരുന്നു. വസ്തു നികുതി |

| | | | |
|---|---|---|---|
| | | | യുമായി ബന്ധപ്പെട്ട 'സഞ്ചയ' സോഫ്റ്റ്‌വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർ വത്കരിക്കുന്ന പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സേവനാവകാശനിയമം നടപ്പിലാക്കിയിട്ടുണ്ട്. 16 സേവനങ്ങൾ ഗ്രാമപഞ്ചായത്തുകൾ വഴിയും 7 സേവനങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകൾ വഴിയും 3 സേവനങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റ് വഴിയും നല്കാനുള്ള പ്രവർത്തനം നടന്നു വരുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന സേവനങ്ങൾ സമയബന്ധിതമായി തന്നെ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, അർഹരായ എല്ലാപേർക്കും ഉറപ്പുവരുത്താൻ സമ്പൂർണ്ണ പെൻഷൻ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി കഴിഞ്ഞു. |
| (സി) | പഞ്ചായത്ത് ഭരണം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ഭൗതിക സൗകര്യങ്ങളും കൂടുതൽ ജീവനക്കാരെയും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; | (സി) | ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാന ത്തിൽ ആദ്യഘട്ടമെന്ന നിലയിൽ 990 ക്ലാർക്ക് തസ്തികകളും 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തിക കളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമവും അഴിമതി രഹിതവുമാക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തയ്യാറാക്കുന്ന വികസനരേഖയെ അടിസ്ഥാനമാക്കി 12-ാം പഞ്ചവൽസര പദ്ധതിക്കാലത്തേയ്ക്കുള്ള (2012-2017) പഞ്ചവൽസര പദ്ധതിയും 5 വർഷ ത്തേയ്ക്കുള്ള പദ്ധതിയ്ക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും വർഷം തിരിച്ചും മേഖല തിരിച്ചും തയ്യാറാക്കുന്നു. 5 വർഷത്തേ യ്ക്കുള്ള ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നു. |

**സെക്ഷൻ ഓഫീസർ**